**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5859**

**19/11/2019 ലെ മറുപടിയ്ക്ക്**

**<u>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ</u>**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ധനകാര്യവും കയറും വകുപ്പമന്ത്രി |
| എ | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ആദ്യ പ്രീമിയം ഒടുക്കി നിശ്ചിത എസ്.എൽ.ഐ. അപേക്ഷയോടൊപ്പം ജില്ലാ ഓഫീസുകളിൽ എത്തിക്കുന്നവർക്ക് പ്രസ്തുത ദിവസം തന്നെ പോളിസി, പാസ് ബുക്ക് എന്നിവ നൽകുന്നതിന് നിലവിൽ 8 ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിലും ഈ സൗകര്യം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എസ്.എൽ.ആർ. വിഭാഗം ജീവനക്കാരെ ജി.പി.എ.ഐ.എസ്. പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കമാൻഡോ ഓപ്പറേഷനുകൾക്കിടയിൽ റിസർവ്വ് ബറ്റാലിയൻ കമാൻഡോകൾക്ക് അപകട മരണം സംഭവിക്കുന്ന പക്ഷം അവരുടെ ആശ്രിതർക്ക് നിലവിൽ നൽകിയിരുന്ന ക്ലെയിം തുകയായ 10 ലക്ഷം രൂപ എന്നത് 20 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാർ/ മറ്റ് പൊതുമേഖലാ ജീവനക്കാർക്ക് നൽകിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ 1200/- രൂപ വരിസംഖ്യയ്ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന 12 ലക്ഷം രൂപയുടെ |
| ബി | അതിനെ തുടർന്ന് എന്തൊക്കെ പ്രയോജനങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ടെന്ന് വിശദീകരിക്കാമോ ? | |

| | | |
|---|---|---|
| | | ഇൻഷ്വറൻസ് പരിരക്ഷ 24 ലക്ഷമായും ഉയർത്തിയിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ ഇൻഷ്വറൻസ് പദ്ധതികളുടെ വാഗ്ദത്ത തുക ഉയർത്തിയതിലൂടെ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് മികച്ച സാമ്പത്തിക പരിരക്ഷ ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**